## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5045

01.07.2013-ലെ മറുപടിക്ക്

### ജയിലുകളിൽ സുരക്ഷാ ജീവനക്കാരുടെ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ജയിലുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) ജയിൽ വകുപ്പിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്തു വരുന്നുണ്ട്. |
| ബി) ജയിലുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ഒഴിവാക്കി സ്ഥിരം ജീവനക്കാരെ മാത്രം നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | ബി) ജയിൽ വകുപ്പിൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽപ്പെടുന്ന വാർഡർ തസ്തികയിലാണ് താത്ക്കാലിക ജീവനക്കാരെ കൂടുതലായി നിയമിച്ചിട്ടുള്ളത് വാർഡർ തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് എംപ്ലോയ്മെന്റ് മുഖേനയും ദിവസവേതനാടിസ്ഥാനത്തിലും താത്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. പി.എസ്.സി. നിയമന ശുപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് താത്ക്കാലിക ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ